## ചികിത്സാ സഹായം

86 (6516) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ശ്രീമതി മിനി (W/o ശ്രീ. സന്തോഷ്) കക്കോട്ടും പടിക്കൽ കോരാമ്പ്രികണ്ടിപറമ്പ് ചെലപ്രം ചേളന്നൂർ, ചികിത്സാ സഹായം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ചെലവേറിയ ശസ്ത്രക്രിയകൾക്കുള്ള സഹായം

87 (6517) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികൾക്ക് പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായ ഫണ്ടിൽ നിന്നും ആരോഗ്യ വകുപ്പിന്റെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ഫണ്ടിൽനിന്നും ആർ.എസ്.ബി.വൈ, ചിസ്; താലോലം, ക്യാൻസർ സുരക്ഷ തുടങ്ങിയ പദ്ധതികളിലൂടെയും മനോരമ, മുത്തൂറ്റ് ഫിനാൻസ് തുടങ്ങിയ സ്വകാര്യ സംഘടനകളിലൂടെയും ചികിത്സാ സഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയതിനുശേഷം രോഗികൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

## ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ധനസഹായം

88 (6518) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യകുടുംബക്ഷേമവകുപ്പ് മന്ത്രിയുടെ സഹായനിധിയിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പരമാവധി എത്ര തുകയാണ് സഹായമായി നൽകുന്നത് ;

(സി) ഇങ്ങനെ ലഭിക്കുന്ന തുക ചികിത്സ നടത്തുന്ന ആശുപത്രിയിലേക്ക് മാത്രമേ അനുവദിക്കൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ചികിത്സ കഴിഞ്ഞുപോകുന്ന ആളുകൾക്ക് നേരിൽ കിട്ടുന്ന തരത്തിൽ സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 24,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ള എല്ലാ രോഗികൾക്കും ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നും ധനസഹായം നൽകുന്നു.

(ബി) പരമാവധി 2000 രൂപയാണ് ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നും ധനസഹായം നൽകുന്നത്.

(സി) നിർദ്ദേശിച്ചിട്ടില്ല.

(ഡി) ആരോഗ്യ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽനിന്നുള്ള ധനസഹായം അപേക്ഷകർക്ക് മണിയോഡറായിട്ടാണ് അനുവദിച്ചുവരുന്നത്.

## ത്വക്ക്/കാൽപ്പാദ രോഗങ്ങൾ

89 (6519) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ താലൂക്കുകളിൽ നിരവധിപേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപ്പാദം വിണ്ടുകീറി പാദം നിലത്ത് ചവിട്ടാൻ കഴിയാതെ രോഗം ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) തോട്ടം മേഖലയോടു ചേർന്നുള്ള കായലുകൾ, തോടുകൾ, അരുവികൾ എന്നിവയുടെ സമീപത്ത് താമസിക്കുന്നവർക്കാണ് ഈ രോഗം ബാധിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ മേഖലകളിലെ തോട്ടങ്ങളിലും എസ്റ്റേറ്റുകളിലും നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നതായുള്ള എന്തെങ്കിലും വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ വിവിധ താലൂക്കുകളിൽ നിരവധി പേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപ്പാദം വിണ്ടുകീറി നിലത്ത് ചവിട്ടാൻ കഴിയാത്ത അവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly